ശ്രീ. പി. പി. ഉമ്മർകോയ : ആ കാര്യത്തെപ്പറ്റി റിപ്പോർട്ടിൽ പരാമർശമുണ്ടോ എന്നുള്ളതു പരിശോധിക്കാം.

ശ്രീ. കെ. സി. ഏബ്രഹാം : കൊട്ടങ്ങല്ലൂർ അഴിയിലെ മണൽക്കട്ട നീക്കി അവിടെ ഫെറിബോട്ട് ഉപയോഗപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: അതു ഞാനിവിടെ പറഞ്ഞതാണ്. അതിനുവേണ്ട നടപടികളും എടുക്കാൻ ഉദ്ദേശമുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: പൊന്നാനിതാലൂക്കിലെ കനോലി കനാലിനു വീതി വർദ്ധിപ്പിക്കുകയും വി. എം. കായലിൽനിന്നും വെള്ളം കടലിലേക്ക് ഒഴുകത്തക്കവിധത്തിലുള്ള ഔട്ട്ലെറ്റ് ഉണ്ടാക്കുന്നതിനുമുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. ആ നിർദ്ദേശം ഗവണ്മെൻറിന്റെ മുൻപിലുണ്ടോ?

ശ്രീ. പി. പി ഉമ്മർകോയ: ഇതൊരു വലിയ റിപ്പോർട്ടാണ്. ഇതിൽ 41 നദീതടങ്ങൾക്കാവശ്യമായ നടപടികളും എടുക്കുന്നതിനെ സംബന്ധിച്ചുള്ള റെക്കമെൻറേഷൻസുണ്ട്. അതു പരിശോധിക്കാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ റിപ്പോർട്ട് കേരളത്തെ മുഴുവൻ ബാധിക്കുന്ന രീതിയിലാണോ, അതോ ഏതെങ്കിലും സ്ഥലത്തെ മാത്രം കാൺസൻറ്റേറ്റു ചെയ്തുകൊണ്ടുള്ള റിപ്പോർട്ടാണോ? ഭാരതപ്പുഴയിൽ ആണ്ടുതോറും ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിനു വല്ല സ്കീമും ഈ റിപ്പോർട്ടിലുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: കേരളത്തിനു മുഴുവൻ ബാധകമാകുന്ന നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിലുള്ളതു്. കേരളത്തിലെ 41 നദീതടങ്ങൾക്കും ആവശ്യമായ ഫ്ളഡ് കൺട്രോളും വർക്കുകളും എടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു്. 23 കോടി രൂപയോളം മൊത്തം ചെലവുവരും. അത്രയും ബൃഹത്തായ ഒരു പദ്ധതിയാണ് ഇതു്.

ശ്രീ. എൻ. ഈ. ബലറാം: കൊട്ടങ്ങല്ലൂർ അഴിയുടെ സ്കീമിനു് എസ്റ്റിമേറ്റു തയ്യാറായി എന്നുപറഞ്ഞു. ഈ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള എല്ലാ പദ്ധതികളുടെയും എസ്റ്റിമേറ്റു തയ്യാറാക്കിയിട്ടുണ്ടോ? അതോ ഈ ഒരൊറ്റ സ്കീമിനുമാത്രമേ എസ്റ്റിമേറ്റു തയ്യാറാക്കിയിട്ടുള്ളുവോ?

ശ്രീ. പി. പി. ഉമ്മർകോയ: ഈ പദ്ധതിയിൽ പറഞ്ഞിട്ടുള്ള കാര്യമല്ല ശ്രീ. പി. കെ. അബ്ദുൽ ഖാദർ ചോദിച്ചതു്. പ്രത്യേകമായിട്ടുള്ള ഒരു വർക്കിനെ സംബന്ധിച്ചാണ് ചോദിച്ചതു്. അതിനുള്ള എസ്റ്റിമേറ്റു് ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു എന്നാണ് പറഞ്ഞതു്. ഒരു ലാംഗ്രേഞ്ചു് പ്ലാൻ തയ്യാറാക്കി അതു ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അതിൽ പല നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നുണ്ട്. മുഴുവനും എങ്ങനെ നടപ്പിൽ വരുത്താൻ സാധിക്കുമെന്നുള്ളകാര്യം ആലോചിക്കേണ്ടതായിട്ടുണ്ട്. ഇന്നു 3–ാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല വർക്കുകളും സാമ്പത്തികസ്ഥിതി അനുസരിച്ച് പ്രാവർത്തികമാക്കികൊണ്ടിരിക്കുകയാണ്.

Mr. Speaker: Question No. 9. A Similar question has already been answered.

പഞ്ചസാരക്ഷാമം.

* 896 [10] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതു ആഘോഷകാലങ്ങളിൽ പഞ്ചസാരക്ഷാമം അനുഭവപ്പെടുന്നതു് ഒഴിവാക്കുവാൻ നടപടി എടുക്കുമോ;

(ബി) പൊതു ആഘോഷങ്ങൾക്കുവേണ്ടി പഞ്ചസാര സ്പെഷ്യൽ അലോട്ടുമെൻറ് ആവശ്യപ്പെടാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ് :)

(എ) നടപടി എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: നടപടി എടുത്തിട്ടും കാര്യമായി ജനങ്ങളുടെ ആവശ്യത്തിനു കിട്ടുന്നില്ലെന്നു മാത്രമല്ല, ഇനിയും പഞ്ചസാരയുടെ കോട്ട കുറക്കേണ്ടിവരുമെന്നു് കേന്ദ്രഗവണ്മെന്റു് താക്കീതും നൽകിയിരിക്കുകയാണു . അതേപ്പറ്റി വല്ല നിർദ്ദേശവും ഈ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: ഓവറാൾ പ്രൊഡക്ഷൻ കുറഞ്ഞുപോകുകയാണെങ്കിൽ പഞ്ചസാരയുടെ കോട്ട കുറക്കേണ്ടിവരുമെന്നുള്ള ഒരു പ്രസ്താവന കാണുകയുണ്ടായി. ഈ സ്പെഷ്യൽ ദിവസങ്ങളിലേക്കു് വേണ്ടിയുള്ള അലോട്ടുമെന്റു് ഫലപ്രദമായിട്ടില്ല എന്നുപറയുന്നതു് ശരിയല്ല. ഓണത്തിനു് 528 ടണ്ണും ദീപാവലിക്കു് 600 ടണ്ണും ക്രിസ്തുമസ്സിനു് 600 ടണ്ണും ഈദ്പെരുനാളിനു് 600 ടണ്ണും പഞ്ചസാര കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ: പഞ്ചസാരയുടെ ഓവറാൾ പ്രൊഡക്ഷൻ കുറഞ്ഞുപോകുകയാണെങ്കിൽ പഞ്ചസാരയുടെ കോട്ട കുറക്കേണ്ടി വരുമെന്നു പറഞ്ഞു. ഇവിടെ സഹകരണാടിസ്ഥാനത്തിൽ രണ്ടു പഞ്ചസാര ഫാക്ടറികളും ആരംഭിക്കാൻ പോകുന്നു എന്നു കാണുകയുണ്ടായി. ആ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: ഇപ്പോൾ തന്നെ രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതു് മന്നം ഷുഗർമില്ലും ചിറ്റൂർ കോവാപ്പറേറ്റീവു് ഷുഗർമില്ലുമാണു്. ഈ വർഷം തന്നെ അവിടെ നിന്നും ഉല്പാദനം ആരംഭിക്കാൻ സാധിക്കും.

ശ്രീ. കെ. ആർ. വിജയൻ: ഞാൻ പറഞ്ഞതു് രണ്ടെണ്ണം പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കേട്ടു. അതേപ്പറ്റി വല്ല തീരുമാനവും ഗവണ്മെന്റു് എടുത്തിട്ടുണ്ടോ എന്നാണു്.

ശ്രീ. ഈ. പി. പൗലോസ്: അതേപ്പറ്റി തീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. കെ. ഹസ്സൻഗനി: പോതു ആഘോഷങ്ങൾക്കുവേണ്ടി പുതുതായി പഞ്ചസാര കോട്ട അനുവദിക്കുമ്പോൾ അതു പൊതുജനങ്ങൾക്കു് ലഭിക്കണമെങ്കിൽ കാർഡു വില്ലേജാഫീസറുടെ അടുക്കൽ കൊണ്ടുചെന്നു കൊടുക്കണമെന്നു് ആർഡർ ഉണ്ടായിട്ടുണ്ടു്. വില്ലേജാഫീസറുടെ അടുക്കൽ പോകയാണെങ്കിൽ വല്ല കൈമടക്കും കൊടുത്താലേ അനുവദിക്കുകയുള്ളു. അതുകൊണ്ടു് അതു് ഫെയർപ്രൈസ്ഷാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ഈ.പി. പൗലോസ്: എന്താണു് ഏറ്റവും പ്രായോഗികമായിട്ടുള്ളതു് എന്നുള്ളതിനെപ്പറ്റി നിർദ്ദേശിക്കുകയാണെങ്കിൽ അതുപോലെ ചെയ്യാം.

ശ്രീമതി. നഫീസത്തുബീവി: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഓണത്തിനും ദീപാവലിക്കുമൊക്കെ പഞ്ചസാര സപ്പ്ലൈ ചെയ്തു എന്നു പറഞ്ഞു. എന്നാൽ പെരുനാളിനു് ഇങ്ങനെ പഞ്ചസാര കിട്ടിയിട്ടില്ലെന്നു് പരാതിയുണ്ടായിട്ടുണ്ടു്. അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മേലാൽ ഇങ്ങനെ വരാതിരിക്കാൻ ഗവണ്മെന്റു് ശ്രദ്ധിക്കുമോ ?

ശ്രീ. ഈ. പി പൗലോസ്: ഈ 'ഈദ്' എന്നു പറയുന്നതു് പെരുനാളായിട്ടാണു് വച്ചിട്ടുള്ളതു്.ഈദിനു് പഞ്ചസാര സപ്ലൈ ചെയ്തു കൊടുത്തിട്ടുണ്ടു

ശ്രീമതി നഫീസത്തുബീവി: ആലപ്പുഴ ജില്ലയിൽ പെരുനാളിനു ഇങ്ങനെ പഞ്ചസാര കിട്ടിയില്ല എന്നുള്ളതിനെപ്പറ്റി പരാതിയുണ്ടായ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ മേലാൽ വരാതിരിക്കാൻ ഗവണ്മെന്റു് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : പരാതി വരാതിരിക്കാൻ സാദ്ധ്യമല്ല, ഇനി കൊടുക്കുമ്പോഴും പരാതിയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : പൊതു ആഘോഷങ്ങൾക്കു പഞ്ചസാര കോട്ട നിശ്ചയിക്കുന്നതു എന്തടിസ്ഥാനത്തിലാണു? ബഹുമാനപ്പെട്ട മന്ത്രി ഇവിടെതരുന്നകണക്കുകൾ നോക്കിയാൽ തന്നെ ഈദിനം ക്രിസ്തുമസ്സിനും കൊടുത്തതിനേക്കാൾ കുറവായിട്ടാണു ഓണത്തിനു കൊടുത്തിട്ടുള്ളതു. ഓണാഘോഷം അത്ര മോശമാണോ? ഇതേപ്പറ്റി ഒരു വിശദീകരണം നൽകുമോ ?

ശ്രീ. ഈ പി. പൗലോസ് : ഓണത്തിനാണു കൂടുതൽ പഞ്ചസാര വേണ്ടതു. അതിനുവേണ്ടി അപേക്ഷിച്ചെങ്കിലും പക്ഷേ തന്നതു ഇങ്ങനെയാണു. ആകെക്കൂടിയുള്ള എല്ലാ പൊതു ആഘോഷങ്ങൾക്കും കൂടി കിട്ടുന്ന പഞ്ചസാര വീതിച്ചു ഇത്രവീതം കൊടുക്കണമെന്നു പറയുകയാണെങ്കിൽ അങ്ങനെ ചെയ്യാം.

ശ്രീ. സി. എ. മാത്യു : നമ്മുടെ ആവശ്യത്തിനു വേണ്ടിടത്തോളം പഞ്ചസാര അലോട്ടു ചെയ്തു കിട്ടുന്നില്ല. നമുക്കു തന്നുകൊണ്ടിരുന്ന കോട്ടായിൽ തന്നെ ഇനിയും അഞ്ചു ശതമാനം കുറവു വരുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവണ്മെന്റു അയച്ചിട്ടുള്ളതായി അറിയുന്നു. ഇവിടെ പഞ്ചസാരക്ഷാമം കൂടുതലുണ്ടെന്നുള്ളതിനെ മുൻനിറുത്തി ഈ കുറവു വരുത്തുന്നതു ഈ സംസ്ഥാനത്തെ ബാധിക്കാതിരിക്കാനുള്ള നടപടി ഗവണ്മെന്റു സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇതൊക്കെ കണക്കിലെടുത്തുകൊണ്ടു ചെയ്യാവുന്ന കാര്യങ്ങളെല്ലാം ഗവണ്മെന്റു ചെയ്യാം. പക്ഷേ പഞ്ചസാരയുടെ ആകെക്കൂടിയുള്ള ഉപയോഗം, കിട്ടാനുള്ള ബുദ്ധിമുട്ടു് ഇതൊക്കെ നോക്കുമ്പോൾ ഈ അഭിപ്രായം പറയുന്നതു അത്ര ശരിയല്ല. പിന്നെ വീണ്ടും നാം നിർബന്ധം ചെലുത്തുകയാണെങ്കിൽ അതു ബുദ്ധിമുട്ടായി വരും. അതുകൊണ്ടു് ഈ കാര്യത്തെപ്പറ്റി ഇപ്പോഴും ഒന്നും പറയുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ആഘോഷങ്ങളും ഏതൊക്കെയാണെന്നു മെച്ചമായിട്ടുള്ളതു. ഏതൊക്കെയാണു മോശമായിട്ടുള്ളതു് എന്നുള്ളതിനെ സംബന്ധിച്ചു സമഗ്രമായ ഒരു പഠനം നടത്താൻ ശ്രീ. എം. നാരായണക്കുറുപ്പു ചെയർമാനായുള്ള ഒരു കമ്മിറ്റിയെ നിയമിക്കുവാൻ ഗവണ്മെന്റു തയ്യാറാകുമോ ?

മി. സ്പീക്കർ : അതിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

ശ്രീ. ഈ പി. ഗോപാലൻ : ആഘോഷസമയത്തു് പഞ്ചസാരമിക്കവാറും തക്കസമയത്തു ആളുകൾക്കു ലഭിക്കുന്നില്ല. ആളുകൾ പഞ്ചസാര വാങ്ങിക്കാൻ ചെല്ലുന്ന അവസരത്തിൽ "തക്ക സമയത്തു ചെന്നില്ല," കാർഡു കൊണ്ടുചെന്നാൽ "സമയം കഴിഞ്ഞുപോയി" എന്നു പറയുന്ന ഏർപ്പാടു് വരാതിരിക്കാൻ നേരത്തേകൂട്ടി ആളുകൾക്കു പഞ്ചസാര കിട്ടുന്നതിനുള്ള സൗകര്യം ചെയ്യാൻ ഗവണ്മെന്റു ശ്രദ്ധിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് ; വിശേഷദിവസങ്ങളിലെ സ്പെഷ്യൽ കോട്ടായെ സംബന്ധിച്ചു ഇവിടത്തെ നിവേദനം ഇൻഡ്യാഗവണ്മെന്റിനയക്കുകയും, കഴിയുന്നതും നേരത്തേ തന്നെ അവർ വേണ്ട നടപടികളും എടുക്കുകയുമാണു് ചെയ്യുന്നതു്.

വിദ്യുച്ഛക്തി വിതരണം.

* 897. [11] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇലക്ട്രിസിറ്റിബോർഡു് കോഴിക്കോട്ടു് കാർപ്പറേഷനിലെ വിദ്യുച്ഛക്തി വിതരണം ഏറ്റെടുത്തതിനുശേഷം പുതുതായി ഏതെല്ലാം പ്രദേശങ്ങളിലേക്കു് വിദ്യുച്ഛക്തി നൽകി ;